DESPATCHED
On..7/1/2020
7/1/20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 973*(7)/2014*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **5823**/*എസ്.ഐ.സി-ജി 6/14*)
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.വി.സത്യശീലൻ,
കൂരവിള വീട്, കൈതക്കോണം,
വർക്കല പി.ഒ., പിൻ – 695 141.
} അപ്പീൽ ഹർജിക്കാരൻ

Vs

1. ശ്രീമതി ശോഭന കെ.എസ്.,
പയ്യനവിളാത്ത്, പെരിമ്പള്ളൂർ പി.ഒ.,
മൂവാറ്റുപുഴ, എറണാകുളം.

2. അപ്പീൽ അധികാരി&
അഡീഷണൽ സെക്രട്ടറി,
സംസ്ഥാന വിവരാവകാശ കമ്മീഷൻ,
പുന്നൻ റോഡ്, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 26.11.2013 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 02.12.2013 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 13.01.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 18.01.2014 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 10.04.2014 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 19.04.2014 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 30.10.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായില്ല. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. വി.സത്യശീലൻ,

10.04.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 19.04.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.973(7)/14/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കിയില്ലെന്നും ആയതു ലഭ്യമാക്കണമെന്നും വീഴ്ച വരുത്തിയ ഒന്നും രണ്ടും എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 26.11.2013ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 02.12.2013ന് നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് നേരിട്ട് മറുപടി നൽകുന്നതിനായി വിവരാവകാശ നിയമം വകുപ്പ് 6(3) പ്രകാരം സംസ്ഥാന വിവരാവകാശ കമ്മീഷനിലെ എസ്.പി.ഐ.ഒ.യ്ക്ക് കൈമാറിയിട്ടുണ്ടെന്നാണ് അറിയിച്ചത്. തുടർന്ന് കമ്മീഷനിലെ എസ്.പി.ഐ.ഒ. 13.12.2013ന് മറുപടി നൽകുകയും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 13.01.2014ന് ടിയാൻ സംസ്ഥാന വിവരാവകാശ കമ്മീഷനിലെ അപ്പീൽ അധികാരിയ്ക്ക് ഒന്നാം അപ്പീൽ നൽകുകയും ടി ഓഫീസിൽ നിന്ന് 18.01.2014ന് നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷയിൽ 3 വിവരങ്ങളാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്നും ആയതിൽ ഒന്നാം ഇനമായി ആവശ്യപ്പെട്ടിരിക്കുന്നത് വിവരാവകാശ നിയമത്തിന്റെ വ്യാഖ്യാനമാണെന്നും ആയത് വിവരം അല്ലെന്നുമാണ്. രണ്ടാം ഇനത്തിന് നിലവിലുള്ള എസ്.പി.ഐ.ഒ.യിൽ നിന്നാണ് വിവരം ശേഖരിക്കുന്നതെന്നും വീഴ്ച വരുത്തിയ ഉദ്യോഗസ്ഥൻ ആരെന്ന് കമ്മീഷനു ബോധ്യമാകുന്ന പക്ഷം മുൻ എസ്.പി.ഐ.ഒ. ആണ് ഉത്തരവാദിയെന്ന് കണ്ടാൽ ടിയാൻ നിന്നും തെളിവ് ശേഖരിക്കുമെന്നുമാണ്. മൂന്നാം ഇനത്തിൽ ആവശ്യപ്പെട്ടതനുസരിച്ച് എതിർകക്ഷി തെളിവുകൾ, സത്യവാങ്മൂലം എന്നിവ ഹാജരാക്കുന്നത് കമ്മീഷൻ മുമ്പാകെയാണെന്നും ആയത് തെളിവെടുപ്പിനു മുമ്പ് ഹർജിക്കാരന് നൽകണമെന്ന് വ്യവസ്ഥയില്ലെന്നുമാണ് അറിയിച്ചത്.

4. 11.06.2014ന് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് 13.12.2013ന് മറുപടി നൽകിയിട്ടുണ്ടെന്നും തുടർന്ന് സമർപ്പിച്ച അപ്പീലിനും

18.01.2014ന് മറുപടി നൽകിയെന്നും ഹർജിക്കാരൻ വിവരാവകാശ നിയമം വകുപ്പ് 6(1) പ്രകാരം അപേക്ഷ നൽകിയത് ബഹു.ഹൈക്കോടതിയിലെ എസ്.പി.ഐ.ഒ. മുമ്പാകെയാണെന്നും 6(3) വകുപ്പുപ്രകാരം ഹൈക്കോടതിയിൽ നിന്നും ലഭിച്ച അപേക്ഷയ്ക്കാണ് ഒന്നും രണ്ടും എതിർകക്ഷികൾ ഇപ്രകാരം മറുപടി നൽകിയതെന്നും കമ്മീഷൻ ഇതിനോടകം തീർപ്പാക്കിയ വിവിധ പരാതികൾ/അപ്പീലുകൾ തീരുമാനിച്ചതിൽ ന്യൂനതകൾ ഉണ്ടെന്ന് ചൂണ്ടിക്കാണിച്ചു കൊണ്ടാണ് ഹർജിക്കാരൻ അപേക്ഷ നൽകിയതെന്നുമാണ്. ആയതിൽ കമ്മീഷന്റെ നടപടിക്രമങ്ങൾ എങ്ങനെയായിരിക്കണം എന്ന വിവരമാണ് ടിയാൻ പ്രതീക്ഷിക്കുന്നതെന്നും കമ്മീഷന്റെ നടപടിക്രമങ്ങൾ ചിട്ടപ്പെടുത്തുന്നത് സർക്കാർ ടി ആക്ടിന്റെ കീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങൾ പ്രകാരമാണെന്നും ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടത് കമ്മീഷന്റെ നടപടികളുടെ വ്യാഖ്യാനം തന്നെയാണെന്നും ആയത് വിവരമല്ലന്നും ടി സാഹചര്യത്തിൽ എസ്.പി.ഐ.ഒ. നൽകിയ മറുപടി നിയമാനുസൃതമായി കണ്ടതിനാലാണ് ടി മറുപടി ശരിവച്ചതെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ പൂർണ്ണമായും ടിയാന് നൽകിയിട്ടില്ലെന്നു കമ്മീഷനു ബോദ്ധ്യമാകുന്നു. കൂടാതെ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്ക് രണ്ടുതവണ നോട്ടീസ് നൽകിയെങ്കിലും ടിയാൾ ഹാജരാകുകയോ അസൗകര്യം രേഖപ്പെടുത്തി കത്തു നൽകുകയോ ചെയ്തിരുന്നില്ല. ആകയാൽ ടി വീഴ്ചകൾ വളരെ ഗുരുതരമാകയാൽ മേൽപ്പടി എതിർകക്ഷി പ്രഥമദൃഷ്ട്യാ കുറ്റക്കാരിയാണെന്ന് കമ്മീഷൻ കാണുന്നു. ടി വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാൾക്ക് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാൾക്കെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ്

കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

6. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ജനുവരി 07-ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)